"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡ്- നിലവിലെ മെമ്പർ സെക്രട്ടറി ശ്രീ. എം. കെ. സിനുകുമാറിന്റെ കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.228/2023/SJD    തീയതി,തിരുവനന്തപുരം, 13-11-2023

---

പരാമർശം:-

1. 14.01.2022-ലെ സ. ഉ (സാധാ) നമ്പർ 7/2022/സാ.നീ.വ സർക്കാർ ഉത്തരവ്
2. 22.12.2022-ലെ സ. ഉ (സാധാ) നമ്പർ. 269/2022/സാ.നീ.വ സർക്കാർ ഉത്തരവ്
3. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയായ ശ്രീ. എം. കെ. സിനുകുമാറിന്റെ 19.09.2023-ലെ അപേക്ഷ.
4. 20.09.2023-ൽ ചേർന്ന ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ യോഗത്തിന്റെ നടപടി കുറിപ്പ്.
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 16.10.2023-ലെ എസ്.ജെ.ഡി/4120/2023-ഒ.സി.ബി.1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡിൽ മെമ്പർ സെക്രട്ടറി തസ്തികയിൽ തിരുവനന്തപുരം, മണക്കാട് സ്വദേശിയായ ശ്രീ. എം. കെ സിനുകുമാറിനെ പരാമർശം 1-പ്രകാരം കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയുണ്ടായി. തുടർന്ന് പരാമർശം 2-പ്രകാരം ടിയാന്റെ സേവനകാലാവധി 19.01.2023 മുതൽ 18.01.2024 വരെ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിരുന്നു. ടിയാന്റെ കരാർ കാലാവധി 18.01.2024-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 19.01.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി കരാർ കാലാവധി നീട്ടി നൽകണമെന്ന പരാമർശം 3-പ്രകാരമുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരളയുടെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 4-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സാമൂഹ്യനീതി

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറിയായി ചുമതല വഹിക്കുന്ന തിരുവനന്തപുരം, മണക്കാട് സ്വദേശിയായ ശ്രീ. എം. കെ സിനുകുമാറിന്റെ കരാർ കാലാവധി 19.01.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം മെമ്പർ സെക്രട്ടറി,ഓർഫനേജ് കൺട്രോൾ ബോർഡ്,തിരുവനന്തപുരം
ശ്രീ. എം. കെ. സിനുകുമാർ, ദീപം, എ ആർ എ- 30 ഡി, ആര്യൻകുഴി ക്ഷേത്രത്തിന് സമീപം, കമലേശ്വരം,മണക്കാട്. പി. ഒ., തിരുവനന്തപുരം-695009
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ആഡിറ്റ്) ,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മിഡ്യ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
സെക്ഷൻ ഓഫീസർ
Date: 14-11-2023 10:04:06